"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം.
ഫോൺ -0471-2342532
ഇ-മെയിൽ -keralaprisons@gov.in

**കാരണം കാണിക്കൽ നോട്ടീസ് നം. KPCS/1195/2025-E2 ; തീയതി: 24-04-2025**

വിഷയം: - ജയിലുകൾ - ജയിൽ ആസ്ഥാനകാര്യാലയം - ജീവനക്കാര്യം - ശ്രീ. അഖിൽ. പി.ബി, അസിസ്റ്റൻറ് പ്രിസൺ ഓഫീസർ - ജില്ലാ ജയിൽ എറണാകുളം - അനധികൃത ഹാജരില്ലായ്മ - സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച് :-

പരാമർശം: 1. സിക്ക ഡയറക്ടറുടെ ഉത്തരവ് നം. SICA6-1628/2024/DIGSICA: തീയ്യതി 05/07/2024 എന്ന നമ്പർ ഉത്തരവ്.

2. സിക്ക ഡയറക്ടറുടെ ഉത്തരവ് നം. SICA6-1628/2024/DIGSICA: തീയ്യതി 15/07/2024 എന്ന നമ്പർ ഉത്തരവ്.

3. 17/08/2024 തീയ്യതിയിൽ താങ്കൾ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന് സമർപ്പിച്ച അപേക്ഷ.

4. 05/09/2024 തീയ്യതിയിൽ താങ്കൾ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന് സമർപ്പിച്ച അപേക്ഷ.

5. എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന്റെ നം. E1-820/2024/DJE dated 30/08/2024 എന്ന നമ്പർ കത്ത്.

6. 05/09/2024 തീയ്യതിയിൽ താങ്കൾ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ട് മുഖാന്തിരം ജയിൽ വകുപ്പ് മേധാവിയ്ക്ക് സമർപ്പിച്ച അപേക്ഷ

7.ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള നം. E7 - 19703/2024/PrHQ dated 03/10/2024 എന്ന നമ്പർ കത്ത്.

8. എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന്റെ നം. E1-820/2024/DJE dated 19/10/2024 എന്ന നമ്പർ കത്ത്.

9. ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള General KPCS/1195/2025-E2 dated 06/03/2025 എന്ന നമ്പർ ചാർജ്ജ് മെമ്മോ.

10. എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന് 05/04/2025 തീയ്യതിയിൽ താങ്കൾ നൽകിയ മറുപടി

എറണാകുളം ജില്ലാ ജയിലിലെ അഖിൽ പി.ബി എന്ന താങ്കളെ പരാമർശം (1)-ലെ ഉത്തരവിലൂടെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരുടെ 46-ാമത് അടിസ്ഥാന പരിശീലനത്തിന് ഉൾപ്പെടുത്തിയതിനെ തുടർന്ന് പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 08/07/2024 തീയ്യതിയിൽ സിക്ക ഡയറക്ടറുടെ മുൻപാകെ ഹാജരാകണം എന്ന വ്യവസ്ഥയിന്മേൽ 06/07/2024 തീയ്യതിയിൽ എറണാകുളം ജില്ലാ ജയിലിൽ നിന്നും വിടുതൽ ചെയ്തിരുന്നെങ്കിലും താങ്കൾ പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി നിശ്ചിത തീയ്യതിയിൽ സിക്കാ ഡയറക്ടർ മുൻപാകെ ഹാജരാവുകയുണ്ടായില്ല. പ്രസ്തുത അടിസ്ഥാന പരിശീലന പരിപാടിയിൽ പങ്കെടുക്കാത്തതിനെ





Generated from eOffice by Anilkumar R, E 2 PRHQ KPCS, E2 PRHQ KPCS, KERALA PRISONS on 25/07/2025 04:59 PM

തുടർന്ന് താങ്കളെ കണ്ണൂർ സിക്ക എക്സ്റ്റെൻഷൻ സെൻററിൽ നടക്കുന്ന അടിസ്ഥാന പരിശീലന ബാച്ചിൽ ഉൾപ്പെടുത്തി താങ്കളുടെ പരിശീലന സെൻറർ മാറ്റി സിക്കാ ഡയറക്ടർ പരാമർശം (2) -ലൂടെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ താങ്കൾ പ്രസ്തുത സെൻററിലും പരിശീലനത്തിനായി ഹാജരാവുകയുണ്ടായില്ല. ട്രെയിനിംഗ് സെൻറർ മാറ്റികൊണ്ടുള്ള സിക്കാ ഡയറക്ടറുടെ പരാമർശം (2) -ലെ ഉത്തരവ് രജിസ്റ്റേർഡ് ആയി താങ്കൾക്ക് അയച്ചു തന്നെങ്കിലും ആയത് താങ്കൾ കൈപ്പറ്റുകയുണ്ടായില്ല.

പരാമർശം (3) -ലൂടെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന് താങ്കൾ സമർപ്പിച്ച അപേക്ഷയിന്മേൽ നടുവേദനയെ തുടർന്നാണ് ജോലിക്ക് ഹാജരാകാൻ കഴിയാത്തതെന്നും കൂടാതെ മാനസിക പ്രശ്നങ്ങൾ ഉള്ളതിനാൽ ലീവ് തരാൻ താമസിച്ചതെന്നും കാണിച്ച് 17/07/2024 തീയ്യതി മുതൽ 03 മാസത്തേയ്ക്കും പരാമർശം (4)- ലെ അപേക്ഷയിലൂടെ 07/07/2024 തീയ്യതി മുതൽ 10 ദിവസത്തേയ്ക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിരുന്നു. അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കാൻ പരാമർശം (5) -ലെ കത്തിലൂടെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ട് താങ്കളോട് ആവശ്യപ്പെട്ടെങ്കിലും താങ്കൾ പ്രസ്തുത കത്ത് കൈപ്പറ്റുകയോ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്തില്ല.

പരാമർശം (6) -ലൂടെ താങ്കൾ ജയിൽ വകുപ്പ് മേധാവിയ്ക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ താങ്കൾ സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് താങ്കളെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ പരാമർശം (7) -ലെ കത്തിലൂടെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും 17/10/2024 -ന് ജോലിയിൽ തിരികെ പ്രവേശിക്കേണ്ട താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലെന്ന് പരാമർശം (8) -ലൂടെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരുന്നു.

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിന്ന താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി പരാമർശം (9) -ലൂടെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ട് മുഖാന്തിരം താങ്കൾക്ക് ചാർജ്ജ് മെമ്മോ നൽകുകയും പരാമർശം (10) -ലെ താങ്കളുടെ മറുപടിയിൽ താങ്കളുടെ അച്ഛനോട് ഉന്നതർക്കുള്ള വ്യക്തി വൈരാഗ്യം താങ്കളോടും കുടുംബത്തോടുമാണ് കാണിച്ചിരുന്നതെന്നും, ജയിലിൽ നിന്നും ജീവനക്കാരുടെ നിരന്തരമായ കുത്തുവാക്കുകളും കുറ്റപ്പെടുത്തലും താങ്ങാൻ വയ്യാതെയാണ് ജോലി ഉപേക്ഷിക്കേണ്ടി വന്നത് എന്ന് വ്യക്തമാക്കിയിരുന്നു. പരാമർശം (10) -ലെ താങ്കളുടെ മറുപടി പരിശോധിച്ചതിൽ നിന്നും അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (9) -ലൂടെ നൽകിയ ചാർജ്ജ് മെമ്മോയ്ക്ക് മതിയായ കാരണം ബോധിപ്പിക്കാൻ താങ്കൾ പരാജയപ്പെട്ടതായി കാണുന്നു. കൂടാതെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരുടെ 45-ാമത് അടിസ്ഥാനപരിശീലനത്തിലും താങ്കളെ ഉൾപ്പെടുത്തിയിരുന്നെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ താങ്കൾ പ്രസ്തുത പരിശീലനത്തിൽ നിന്നും വിട്ടു നിൽക്കുകയും ഉണ്ടായി.

താങ്കളുടെ ടി പ്രവൃത്തി 2014 -ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 74,75 എന്നിവയുടെയും - Kerala Government Servant's Conduct Rules,1960-ലെ റൂൾ 03 ന്റെയും നഗ്നമായ ലംഘനമാണ്. അർദ്ധ സൈനിക വിഭാഗമായ ജയിൽ വകുപ്പിലെ അംഗമായ താങ്കൾ മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ പാലിക്കാതിരിക്കുന്നതും ക്രമരഹിതവുമായി പെരുമാറുന്നതും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതും അംഗീകരിക്കാനൊ ന്യായീകരിക്കാനോ കഴിയുന്നതല്ല. 2021 -ൽ ആശ്രിത നിയമനപ്രകാരം

സർവ്വീസിൽ പ്രവേശിച്ച താങ്കൾ ജയിൽ എക്സിക്യൂട്ടീവ് സർവ്വീസിൽ അത്യാവശ്യം വേണ്ട അടിസ്ഥാന പരിശീലനം പൂർത്തിയാക്കുകയൊ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുകയൊ ചെയ്തിട്ടില്ല. അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കളെ തുടർന്നും ജോലിയിൽ നിലനിർത്തുന്നത് അനുയോജ്യമല്ലാത്തതിനാലും, 1958 ലെ കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 19 പ്രകാരം പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കാത്ത താങ്കളുടെ ജോലിയും പെരുമാറ്റവും തൃപ്തികരമല്ലാത്തതിനാലും, താങ്കൾ ജയിൽ സർവ്വീസിൽ തുടരുന്നതിന് അയോഗ്യനാണെന്ന് ബോധ്യമായതിനാലും Kerala Civil Services (Classification, Control & Appeal) Rules, 1960 -ലെ Part V Rule 11-ൽ (vii) പ്രകാരം ജയിൽ വകുപ്പിലെ സർവ്വീസിൽ നിന്നും താങ്കളെ നീക്കം ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് താങ്കൾക്ക് എന്തെങ്കിലും സമാധാനം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മറ്റ് മുന്നറിയിപ്പുകൾ കൂടാതെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

ഇക്കാര്യത്തിൽ താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച ദിവസം താങ്കളെ നേരിട്ട് കേൾക്കുന്നതിനുള്ള അവസരം നൽകുന്നതാണ്.

Vinod Kumar M K
DEPUTY INSPECTOR GENERAL

സ്വീകർത്താവ്: ശ്രീ. അഖിൽ.പി.ബി,
അസിസ്റ്റന്റ് പ്രിസൺ ഓഫീസർ
ജില്ലാ ജയിൽ എറണാകുളം (സൂപ്രണ്ട് മുഖാന്തിരം. ഒരു പകർപ്പിൽ ടിയാൻ കൈപ്പറ്റിയ തീയതിയോട്ടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ സമർപ്പിക്കേണ്ടതാണ്.)

പകർപ്പ്: 1. സൂപ്രണ്ട്,
ജില്ലാ ജയിൽ എറണാകുളം
2. ഡി.ഐ.ജി,
മദ്ധ്യമേഖല